KERALA SCHOOL KALOLSAVAM 2016-17
KANNUR - 2017 JANUARY 16-22
KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE
Code No. 209

# ഭൂമിയുടെ നിശബ്ദമായ പാട്ടിന് കാതോർക്കുക

വൈകുന്നേരം
ഭൂമിയുടെ കാലുകൾക്ക്
കളിക്കാൻ തോന്നുമ്പോഴാവും,
നമ്മുടെ കാലുകൾ ഒച്ചയുണ്ടാക്കാതെ
നമ്മെ കളിക്കാൻ വിളിക്കുന്നത്.

കഴിഞ്ഞ വർഷംവരെ
വിളിച്ച് ശല്യം ചെയ്തിരുന്ന
ഭൂമിയുടെ കാട്ടുകൈകളെ
ഒന്ന് ഓർത്തുനോക്കൂ.
ഇപ്പോൾ ആ വിളികൾ
കേൾക്കുന്നത്
നരകേറിത്തുടങ്ങിയ
മുടിയിഴകൾ മാത്രം.

കടലിന്റെ
ഓരോ തിരയിലും
ഭൂമിയുടെ,
നേരിയ മഴ നനഞ്ഞു
വിറക്കുന്ന വിളികൾ
കൂടെയുണ്ട്.
ചെരുപ്പിടാത്ത കാലുകളെ
തൊടാനാവണം ഭൂമി
തലമുടിയിഴകളെ
അഴിച്ചിട്ടിരിക്കുന്നത്.

കാക്കത്തൊള്ളായിരം കാക്കകളുടെ
കാക്കത്തൊള്ളായിരം വയസ്സായ
നിശ്ശബ്ദ വിളികൾ ഇന്നും
മുഴങ്ങുന്നുണ്ടിവിടെ.

അമ്മയിലെ
ഉണങ്ങാനാവാത്ത ഭൂമിയാവും
രാവിലെ ഉറക്കത്തിൽനിന്ന്
വലിച്ച് താഴെയിടുന്ന
വിളികൾ കൂവുന്നത്.

Scanned by CamScanner

ഭൂമിയുടെ
ഉടലിലെ
മഴക്കാടുകൾ വിളിക്കുന്നത്,
ഏത് മരുഭൂമിയിലിരുന്നാലും
മണക്കാമത്രേ.

പക്ഷെ,
ഇന്നലെ ഭൂമിയെന്നെ
മൊബൈലിലേക്ക്
വിളിച്ചു.
പാവം, സ്വന്തമായി
കൈയ്യിൽ ഫോണില്ല.
മോസ്കോ നഗരത്തിനടുത്തുള്ള
ടെലിഫോൺ ബൂത്തിൽ
നിന്നായിരുന്നു വിളി..

ഒരുപാട് നേരം
ഭൂമിയുടെ 'മാതൃഭാഷയായ
നിശ്ശബ്ദതയിൽ'
ഞങ്ങൾ മിണ്ടി.

ശബ്ദത്തിന്റെ
ഉറക്കെയുള്ള ഇരുണ്ട
വിളികളെയും പാച്ചിലുകളെയും
ഞങ്ങൾ മണിക്കൂറുകളോളം
കളിയാക്കി.